**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: ***451.** 18.11.2019 ൽ മറുപടിക്ക്

## കെ-ഫോൺ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ**<br>**,, വി.ഡി.സതീശൻ**<br>**ശ്രീമതി. ഷാനിമോൾ ഉസ്മാൻ**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ :** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനായി വിവര സാങ്കേതിക വകുപ്പ് കെ-ഫോൺ ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | സംസ്ഥാനത്തെ മുപ്പതിനായിരത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, ഇടതടവില്ലാതെ അതിവേഗ ഇന്റർനെറ്റ് സേവനം നല്കുന്നതോടൊപ്പം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായും, മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ലഭ്യമാക്കുന്നതിന് ഉതകുന്ന കെ-ഫോൺ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുവാൻ 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് ലിമിറ്റഡ്" (കെ-ഫോൺ ലിമിറ്റഡ്) എന്ന പേരിൽ ഒരു ജോയിന്റ് വെൻചർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റേയും (കെ.എസ്.ഐ.ടി.ഐ.എൽ), കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റേയും (കെ.എസ്.ഇ.ബി) സംസ്ഥാന സർക്കാരിന്റെയും 49:49:2 എന്ന അനുപാതത്തിലുള്ള ഓഹരി പങ്കാളിത്തത്തോടുകൂടിയാണ് പ്രസ്തുത കമ്പനി രൂപീകരിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത കമ്പനിക്ക് കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി ലോൺ ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | കിഫ്ബി ധനസഹായത്തോടെയാണ് കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടത്തിപ്പിനായി 1061.73 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. |
| (സി) | പദ്ധതിയുടെ നടത്തിപ്പിനായി ഏതെങ്കിലും കമ്പനിയെ തെരഞ്ഞെടുക്കുകയും അവരുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | കെ-ഫോൺ പദ്ധതി നടപ്പാക്കുന്നതിനായുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി, സിസ്റ്റം ഇന്റഗ്രേറ്റർ (System Integrator) ആയി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനെ തെരഞ്ഞെടുത്തിട്ടുണ്ട്. ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ്, റെയിൽടെൽ, എൽ.എസ്.കേബിൾ, എസ്.ആർ.ഐ.റ്റി (Sobha Renaissance Information Technology Private Limited) എന്നീ കമ്പനികളാണ് പ്രസ്തുത കൺസോർഷ്യത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. രണ്ട് വർഷത്തെ നിർമ്മാണ പ്രവർത്തനം, 7 വർഷത്തെ പ്രവർത്തന-പരിപാലനം എന്നിവ ഉൾപ്പെടെ ആകെ 9 വർഷത്തേക്ക് 1531.68 കോടി രൂപയ്ക്കാണ് (നികുതികൾ പുറമെ) ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ